# 'ദൈവപ്രസാദമുള്ളവരാകുക'

## മത്തായി 7:12

''മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കു ചെയ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നെ.''

മനുഷ്യ ജീവിതത്തിലെ ചില ജീവിത ക്രമീകരണങ്ങളെക്കുറിച്ച് കർത്താവ് സംസാരിക്കുന്ന ഭാഗത്തിലൂടെയാണ് 7 ാം അദ്ധ്യായം തുടക്കം മുതൽ കടന്നു പോകുന്നത്. മാനുഷികമായി ചിന്തിക്കുമ്പോൾ നാം പലപ്പോഴും പലതിലും മറ്റുള്ളവരിൽ പോരായ്മകളും, കുറ്റങ്ങളും കണ്ടെത്തുന്നവരാണ്. എന്നാൽ അതു തന്റെ തന്നെ ജീവിതത്തിൽ എപ്രകാരം ആണെന്ന ചോദ്യത്തിന്നു വലിയ പ്രസക്തിയും കൊടുക്കുന്നില്ല. എന്നാൽ കർത്താവ് ഇവിടെ ഈ വചന ഭാഗത്ത് വളരെ ലളിതമായി നമ്മെ അത് ഓർമ്മിപ്പിക്കുകയാണ്. മറ്റുള്ളവർ; അത് നിന്റെ സഹോദരങ്ങളോ, സുഹൃത്തുക്കളോ അങ്ങനെ ആരുമാവട്ടെ, അവർ നിങ്ങൾക്ക് എന്ത് ചെയ്തു തരേണം എന്നു നാം ആഗ്രഹിക്കുന്നുവോ അതു നാം ആദ്യം അവർക്കു ചെയ്തു കൊടുക്കുന്നവരാണോ എന്ന് നമ്മെ തന്നെ ഒന്നു ശോധന ചെയ്തു നോക്കാൻ ഉള്ള ഒരു വലിയ ആഹ്വാനം ആണ് ഇവിടെ നമുക്ക് ലഭിക്കുന്നത്. ഇനി കർത്താവ് ആ പറഞ്ഞതിന്നു കൂടുതൽ ബലം പകരുന്ന വേറൊരു വചനഭാഗമാണ് 11 ാം വാക്യം. അവിടെ പറയുന്നു "അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും.''

അതിന്നു പിന്നോട്ടു വായിക്കുകയാണെങ്കിൽ അവിടെ നമുക്ക് വളരെ വ്യക്തമായി കാണാം ഒരു പിതാവു തന്റെ മക്കൾക്ക് അവർ ചോദിക്കുന്നതിനു വിരോധമായിട്ടാണോ നൽകുന്നത് എന്നു കർത്താവ് ചോദിക്കുന്നത്. കാരണം നാം എല്ലാം നമ്മുടെ മക്കൾക്ക് അവർ എന്തു ചോദിക്കുന്നുവോ അതിലും മേന്മയേറിയത് നൽകുവാൻ ആഗ്രഹിക്കുന്നവരാണ്. അങ്ങനെയെങ്കിൽ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവന്റെ സ്വന്ത പുത്രനെ തന്നെ യാഗമായി നൽകിക്കൊണ്ടാണ് ഈ ലോകത്തിലുള്ള നാമോരോരുത്തരോടും അവന്റെ അചഞ്ചലമായ സ്നേഹം പ്രകടമാക്കിയത്. ദൈവത്തിന്റെ നമ്മോടുള്ള ആ കരുണയും ദയയും നാം മറ്റുള്ളവരിലേക്കും പ്രകടമാക്കുവാനുള്ള ഒരു വലിയ ആഹ്വാനമാണ് കർത്താവ് നമുക്ക് തരുന്നത്. പല

വേദപുസ്തക പണ്ഡിതരും ഇതിനെ ഈ കാലയളവിൽ ദൈവത്തിന്റെ അല്ലെങ്കിൽ ജീവിതത്തിന്റെ തന്നെ "ഗോൾഡൻ റൂൾ" എന്നു വിശേഷിപ്പിച്ചിരിക്കുന്നു.

ഇന്നത്തെ ഈ ലോകജീവിതത്തിലേക്ക് നോക്കിയാൽ നമുക്ക് കാണാൻ കഴിയുന്നത് തന്റെ മാത്രം വിജയത്തിന്നും ലാഭത്തിന്നും ഉയർച്ച്ക്കുമൊക്കെയായി മറ്റുള്ളവരുമായി നിരന്തരമായ മത്സരങ്ങളാണ് എങ്ങും നടക്കുന്നത്. അവിടെ സ്നേഹമോ, മറ്റുള്ളവരെ കരുതുന്നതിനോ ഒന്നും ആർക്കും സമയവുമില്ല താത്പര്യവുമില്ല. കാരണം ഈ ചുരുക്കം സമയം കൊണ്ട് എനിക്ക് മറ്റുള്ളവരേക്കൾ എന്തു നേടാൻ പറ്റും എന്നാണ് ഇന്നു എല്ലാരും ചിന്തിക്കുന്നത്. അങ്ങനെ പോകുമ്പോൾ ഒരവസരത്തിൽ അടി പതറി ആരും സഹായമില്ലതെയാവുമ്പോഴാണ് നാം മറ്റുള്ളവരുടെ സഹായത്തിന്റെയും കരുതലിന്റെയും വിലയറിയുന്നത്. അന്ന് ചിലപ്പോൾ നമുക്ക് ചിന്തിച്ചാൽ മറ്റുള്ളവർക്ക് ഒന്നും ചെയ്തു കൊടുക്കാൻ കഴിഞ്ഞില്ലെന്നു വരാം. അതു കൊണ്ട് ദൈവത്തിന്റെ വചനം നമ്മെ ഓർമ്മിപ്പിക്കുകയാണ് ഇതാണു സമയം, നിന്റെ ചുറ്റുമുള്ളവരെ നിന്നെ പോലെ കരുതുവാനും അവർക്കു വേണ്ടി അൽപം അദ്ധ്വാനിക്കുവാനും നീ മുതിരണം കാരണം ഒരവസരത്തിൽ നിന്റെ താഴ്ചയിൽ നിനക്ക് താങ്ങും തണലുമായി ദൈവം എടുത്ത് ഉപയോഗിക്കുന്നത് ഇവരെയൊക്കെയായിരിക്കും. അന്ന് നീ ലജ്ജിച്ചു മുഖം തിരിക്കാൻ ഇടവരരുത്.

**യോഹന്നാൻ 8:29-ൽ** കർത്താവ് ഇപ്രകാരം പറയുന്നു, "എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ടു; ഞാൻ എല്ലായ്പ്പോഴും അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു അവൻ എന്നെ ഏകനായി വിട്ടിട്ടില്ല എന്നു പറഞ്ഞു.'' പലപ്പോഴും ദൈവത്തിന്റെ സ്വന്തമക്കൾ എന്നുള്ള പദവി മറന്നു പ്രവർത്തിക്കുന്നവരാണ് നാം ഓരോരുത്തരും. കാരണം, കർത്താവ് ഇവിടെ പറഞ്ഞതുപോലെ അവൻ ഈ ഭൂമിയിലേക്കു കടന്നു വന്നതും ഇവിടെ ആയിരുന്നപ്പോൾ ചെയ്തതും അതിന്നു ശേഷം ഇപ്പോൾ ചെയ്യുന്നതും എല്ലാം പിതാവിന്റെ ഹിതം അനുസരിച്ചാണ്. അങ്ങനെയെങ്കിൽ നാം ഒന്നു നമ്മോട് തന്നെ ചോദിച്ചു നോക്കുക ഈ ദൈവത്തിന്റെ കൂടെ നടന്നിട്ട് അവന്നു പ്രസാദമുള്ള പ്രവൃത്തികളാണോ നാം ചെയ്യുന്നത് എന്ന്? ഒരു ലേഖനത്തിൽ ഒരു സുവിശേഷകൻ ഇപ്രകാരം എഴുതിയിരിക്കുന്നു, "ക്രിസ്തുവിന്റെ അനുയായി എന്നു പറയുന്നത് പാപത്തെ വർജ്ജിച്ച് ജീവിക്കുകയെന്നുള്ളതു മാത്രമല്ല മറിച്ച് ജീവിതത്തിൽ അവന്നു പ്രസാദമുള്ളതു ചെയ്യുക എന്നു കൂടിയാണ്."

അങ്ങനെയെങ്കിൽ നാം ഒന്നു ചിന്തിച്ചു നോക്കുക പലപ്പോഴും നാം പലതിലും കുറ്റം കണ്ടുപിടിക്കുമ്പോൾ അതു മറ്റുള്ളവർ ഇപ്രകാരം പ്രവർത്തിച്ചതു കൊണ്ടാണെന്നു

പറഞ്ഞു മാറി നിൽക്കുമ്പോൾ അവിടെ ആദ്യം അവരെ പറഞ്ഞു തിരുത്തുന്നതിന്നു മുമ്പായി നാം നമ്മെ തന്നെ ഒന്നു നേർവഴിയിൽ നയിക്കാൻ ശ്രമിക്കാം. ദൈവത്തിന്റെ ശബ്ദം ശ്രവിച്ച് അവൻ നമ്മെ കുറിച്ച് ആഗ്രഹിക്കുന്ന രീതിയിൽ അവന്നു പ്രസാദമുള്ളതു ചെയ്ത് നമ്മുടെ ജീവിതം മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മുമ്പോട്ട് കൊണ്ടു പോകാം. അതിന്നു ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

**സങ്കീർത്തനങ്ങൾ 96:11–13**

ആകാശം സന്തോഷിക്കയും ഭൂമി ആനന്ദിക്കയും സമുദ്രവും അതിന്റെ നിറെവും മുഴങ്ങുകയും ചെയ്യട്ടെ. വയലും അതിലുള്ളതൊക്കെയും ആഹ്ലാദിക്കട്ടെ; അപ്പോൾ കാട്ടിലെ സകലവൃക്ഷങ്ങളും ഉല്ലസിച്ചു ഘോഷിക്കും. യഹോവയുടെ സന്നിധിയിൽ തന്നേ; അവൻ വരുന്നുവല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടും കൂടെ വിധിക്കും.

ബ്രദർ ബിനു ബേബി ആലപ്പുഴ 027